(സി) എന്റെ മരം - 69.66 ലക്ഷം

നമ്മുടെ മരം - 15.46 ലക്ഷം

ഹരിത തീരം - 163.40 കി.മീ. (ജൈവവേലി), 14.65 കി.മീ. (കണ്ടൽ തൈകൾ)

ഹരിത കേരളം - 79.5 ലക്ഷം വൃക്ഷത്തൈകൾ

വഴിയോര തണൽ - 1.51 ലക്ഷം

തേക്ക്, പ്ലാവ് ആഞ്ഞിലി, കശുമാവ്, ബദാം, കമ്പകം, അശോകം, പുളി, കുടംപുളി, വേപ്പ്, വേങ്ങ ചെമ്പകം, കൂവളം മാവ് എന്നീ ഇനങ്ങളിലുള്ള വൃക്ഷത്തൈകളാണ് വിതരണം ചെയ്തത്.

## സാമൂഹ്യ വനവൽക്കരണം ലക്ഷ്യമാക്കി വനം വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

230(937) ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീമതി കെ. കെ. ലതിക :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യവനവൽക്കരണം ലക്ഷ്യമാക്കി വനം വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ് ;

(ബി) ഈ പദ്ധതികൾമൂലം ഉണ്ടായിട്ടുള്ള നേട്ടങ്ങൾ വിശദമാക്കുമോ ;

(സി) 'ഹരിതകേരളം' പദ്ധതിയുടെ ഭാഗമായി എത്ര വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു ; ഇനി എത്ര തൈകൾ കൂടി വച്ചുപിടിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(ഡി) 'വഴിയോരത്തണൽ' പദ്ധതി എല്ലാ റോഡുകളുടെയും ഓരങ്ങളിൽ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) സംസ്ഥാനത്തെ സാമൂഹ്യവനവൽക്കരണ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെയും മറ്റു സംഘടനകളുടെയും പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ?

### ഉത്തരം

(എ) സാമൂഹ്യ വനവൽക്കരണം ലക്ഷ്യമാക്കി വനം വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളാണ് എന്റെ മരം, നമ്മുടെ മരം, ഹരിത തീരം, ഹരിത കേരളം, വഴിയോര തണൽ എന്നിവ.

(ബി) വനം വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി ചേർന്ന് 2007-ൽ 5-ാം ക്ലാസ്സ് മുതൽ 9-ാം ക്ലാസ്സ് വരെയുള്ള സ്കൂൾ കുട്ടികൾ മുഖേന നടപ്പിലാക്കിയ പദ്ധതിയാണ് എന്റെ മരം പദ്ധതി. ഈ പദ്ധതിപ്രകാരം 2007-08

LIBRARY ARCHIVES Kerala Legislative Assembly

മുതൽ 2010-11 വരെ ആകെ 67.66 ലക്ഷം വൃക്ഷത്തൈകൾ വിതരണം ചെയ്തു നട്ടുപിടിപ്പിച്ചു. തേക്ക്, പ്ലാവ്, ആഞ്ഞിലി, കശുമാവ്, ബദാം, കമ്പകം, അശോകം, പുളി, കുടംപുളി, വേപ്പ്, വേങ്ങ, ചെമ്പകം, കുവളം, മാവ് എന്നീ ഇനങ്ങളിലുള്ള വൃക്ഷത്തൈകളാണ് വിതരണം ചെയ്തത്. വനം വകുപ്പിന്റെ ഈ പദ്ധതിയെ കേന്ദ്ര സർക്കാർ അംഗീകരിക്കുകയും ദേശീയ അവാർഡായ ഇന്ദിരാ പ്രിയദർശിനി വൃക്ഷമിത്ര അവാർഡ് 2007 നൽകുകയും ചെയ്തു. 2008-ൽ +2 മുതൽ കോളേജ്തലം വരെയുള്ള വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് വനം വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടപ്പിലാക്കിയ പദ്ധതിയാണ് നമ്മുടെ മരം പദ്ധതി. കോളേജ് കാമ്പസിലും ലഭ്യമായ മറ്റു സർക്കാർ സ്ഥലങ്ങളിലും നാളിതുവരെ 15.46 ലക്ഷം വൃക്ഷത്തൈകൾ വിതരണം ചെയ്തു.

2007-08 മുതൽ ചുമട്ടുതൊഴിലാളികളുടെ സഹകരണത്തോടും പങ്കാളിത്തത്തോടും കൂടി നടപ്പിലാക്കിയ വഴിയോരത്തണൽ പദ്ധതി പ്രകാരം ദേശീയ സംസ്ഥാന പാതകളുടെയും മറ്റു പ്രധാന റോഡുകളുടെയും വശങ്ങളിൽ വിവിധയിനം വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ചു. 2007 മുതൽ 2010 വരെ 1.51 ലക്ഷം തൈകൾ നട്ടുപിടിപ്പിച്ച് പരിപാലിച്ചു. കേന്ദ്ര സർക്കാരിന്റെ സുനാമി ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് തീരപ്രദേശങ്ങളിൽ പ്രകൃതി ക്ഷോഭങ്ങളെ ചെറുക്കാൻ കാറ്റാടിയും കണ്ടൽത്തൈകളും വച്ചു പിടിപ്പിക്കുന്നതിന് ലക്ഷ്യമാക്കി നടപ്പിലാക്കിയ പദ്ധതിയാണ് ഹരിത തീരം പദ്ധതി. ഈ പദ്ധതി പ്രകാരം 163.40 ഹെ. ജൈവവേലി നിർമ്മിക്കുകയും 14.65 ഹെ. സ്ഥലത്ത് കണ്ടൽ കാടുകൾ നട്ടുപിടിപ്പിക്കുകയും ചെയ്തു.

2009-10, 2010-11 എന്നീ രണ്ടു വർഷങ്ങളിലായി ഒരു കോടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയാണ് ഹരിത കേരളം പദ്ധതി. ഈ പദ്ധതിയുടെ 1-ാം ഘട്ടത്തിൽ (2009-10) കേരളത്തിലെ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾ വഴി 31.4 ലക്ഷം വൃക്ഷത്തൈകൾ പൊതു സ്ഥലങ്ങൾ സർക്കാർ-സർക്കാരേതര ഭൂമി, പാതയോരങ്ങൾ, റെയിൽ പാതയോരങ്ങൾ, നദീ-പുഴ, തോട്, തടാകം എന്നിവയുടെ കരകൾ തുടങ്ങിയ പ്രദേശങ്ങളിലെല്ലാം തൈകൾ നട്ടു പിടിപ്പിച്ചു. ഈ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ (2010-11) സ്കൂൾ കുട്ടികൾ, കോളേജ് വിദ്യാർത്ഥികൾ, സന്നദ്ധ സംഘടനകൾ, മതസ്ഥാപനങ്ങൾ, റസിഡൻസ്റ്റ് അസോസിയേഷനുകൾ, മനോരമ (ഭൂമിക്കൊരു കുട), മാതൃഭൂമി (സീഡ് പ്രോഗ്രാം) പൊതുജനങ്ങൾ എന്നിവരുടെ സഹായത്തോടെ 79.5 ലക്ഷം വൃക്ഷത്തൈകൾ വിതരണം ചെയ്തു നട്ടുപിടിപ്പിച്ചു.

(സി) 'ഹരിത കേരളം' പദ്ധതിയുടെ ഭാഗമായി ഒരു കോടി തൈകൾ വച്ചു പിടിപ്പിക്കുകയായിരുന്നു ലക്ഷ്യം. 2009-11 വരെ 110.90 ലക്ഷം വൃക്ഷത്തൈകൾ വച്ചു പിടിപ്പിച്ചു.

(ഡി) കഴിയുന്നത്ര നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) സാമൂഹ്യ വനവത്കരണ പദ്ധതിയിൻ കീഴിൽ നടപ്പാക്കിയ എന്റെ മരം പദ്ധതിക്ക് 2007-ലെ ഇന്ദിരാ പ്രിയദർശിനി വൃക്ഷമിത്ര അവാർഡ് ലഭിച്ചിട്ടുണ്ട്. കൂടുതൽ വനേതര പ്രദേശങ്ങളിൽ 1.87 കോടി തൈകൾ വച്ചു പിടിപ്പിച്ചതിന് ഐക്യരാഷ്ട്ര സഭയുടെ അംഗീകാര പത്രം 2010-ൽ ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly